**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4672** **29.6.2012-ൽ മറുപടിയ്ക്ക്**

**അടുക്കളകൃഷി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. ഉമ്മർ :** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| **(എ)** മഴക്കാലത്ത് സാധ്യമായ കൃഷിക്ക് പ്രത്യേക സഹായങ്ങളോ, മാർഗ്ഗനിർദ്ദേശങ്ങളോ കൃഷി വകുപ്പ് പ്രത്യേകം നൽകാറുണ്ടോ ; | (എ) | മഴക്കാലത്ത് കൃഷിയിറക്കുന്നതിന് കൃഷി വകുപ്പ് മുഖേന പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറില്ല. എന്നിരുന്നാലും സംസ്ഥാനത്ത് കാല വർഷാരംഭത്തോടു കൂടിയാണ് പ്രധാന കൃഷികളായ നെല്ല്, തെങ്ങ്, പച്ചക്കറി എന്നിവയുടെ കൃഷികൾ ആരംഭിക്കുന്നത്. അതിനായി വകുപ്പ് കാലേ കൂട്ടി തന്നെ തുടർ പദ്ധതികൾക്ക് അനുമതി നൽകുകയും, ഉൽപാദനോപാധികൾ യഥാസമയം ലഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൃഷിക്കാർക്ക് ആവശ്യമായ ബോധവൽക്കരണ പരിപാടികളും പരിശീലനവും ആരംഭിച്ചു കഴിഞ്ഞു. |
| **(ബി)** വീടുകളുമായി ബന്ധപ്പെട്ട് അടുക്കളകൃഷിക്കാവശ്യമായ വിത്തും, വളങ്ങളും സൗജന്യമായി ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണിക്കുമോ; | (ബി) | പരിഗണിക്കും. പച്ചക്കറി കൃഷി വീടുകളിൽ ആരംഭിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) നഗര പ്രദേശങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി.<br>2)തെരഞ്ഞെടുത്ത സ്കൂളുകൾ വഴി വിദ്യാർത്ഥികൾക്ക് പച്ചക്കറി കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പരിപാടി<br>3)വിവിധ ആനുകാലിക പ്രസിദ്ധീകരങ്ങളിൽ കൂടി പച്ചക്കറി കിറ്റു വിതരണം |

| | | | |
|---|---|---|---|
| സി) | നെൽകൃഷി ഈ കാലത്ത് പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പരിപാടികൾ ആലോചനയിലുണ്ടോ ; നടപ്പിലാക്കുന്നുണ്ടോ ? | (സി) | 2012-13 വർഷം നെൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |

| | |
|---|---|
| 1.ഗ്രൂപ്പ് ഫാമിംഗ് പദ്ധതി | 2700 ലക്ഷം |
| 2.നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം | 150 ലക്ഷം |
| 3.കര നെൽകൃഷി | 250 ലക്ഷം |
| 4.നൂതന സാങ്കതിക വിദ്യകളുടെ ഡമോൺസ്ട്രേഷൻ | 100 ലക്ഷം |
| 5.പിപിഎസ്ആർഐ | 1550 ലക്ഷം |
| 6.പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം | 100 ലക്ഷം |
| 7.കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള നെൽകൃഷി പദ്ധതി | 700 ലക്ഷം |
| 8.ഉൽപ്പാദനബോണസ് | 1138.5 ലക്ഷം |
| 9.നെല്ല് സംഭരണം | 7500.00 ലക്ഷം |
| 10 ഉയർന്ന ഉൽപ്പാദന ക്ഷമത കൈവരിക്കുന്നിനുള്ള പദ്ധതി | 100 ലക്ഷം |

(signature)

**സെക്ഷൻ ഓഫീസർ**